**ALL INDIA RADIO THIRUVANANTHAPURAM**

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:11.06.2024**

## പ്രധാനവാർത്തകൾ

1. **ലോക സമാധാനത്തിനും സുരക്ഷയ്ക്കും പുരോഗമന ആശയങ്ങൾക്കും വേണ്ടിയാണ് ഇന്ത്യൻ ജനത നിലകൊള്ളുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.**
2. **മൂന്നാം മോദി സർക്കാരിന്റെ വിദേശനയം വിജയകരമാകുമെന്ന് വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ.**
3. **രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥ അഞ്ചാം സ്ഥാനത്തേക്ക് എത്തിക്കാൻ ശ്രീ നരേന്ദ്രമോദിയുടെ നേതൃത്വത്തിലുള്ള കേന്ദ്രസർക്കാരിന് കഴിഞ്ഞതായി വാർത്താവിതരണ പ്രക്ഷേപണ വകുപ്പ് മന്ത്രി അശ്വിനി വൈഷ്ണവ്.**
4. **മെഡിക്കൽ പ്രവേശനത്തിനുള്ള നീറ്റ്- യു.ജി പരീക്ഷയിൽ ക്രമക്കേട് ആരോപിച്ച് സമർപ്പിച്ച ഹർജിയിൽ നാഷണൽ ടെസ്റ്റിംഗ് ഏജൻസിക്ക് സുപ്രീം കോടതിയുടെ നോട്ടീസ്.**
5. **സംസ്ഥാനം സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്നതായി ധനമന്ത്രി കെ.എൻ ബാലഗോപാൽ നിയമസഭയിൽ.**
6. **വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ ട്രയൽ ഈ മാസം അവസാനത്തോടെ നടത്തുമെന്ന് മന്ത്രി വി.എൻ വാസവൻ.**

RNU TVPM

*****************************************************

## പ്രധാനമന്ത്രി - ആശംസ

ലോക സമാധാനത്തിനും സുരക്ഷയ്ക്കും പുരോഗമന ആശയങ്ങൾക്കുമാണ് ഇന്ത്യൻ ജനത നിലകൊള്ളുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. മൂന്നാം തവണയും പ്രധാനമന്ത്രിയായി അധികാരമേറ്റ ശ്രീ നരേന്ദ്ര മോദിക്ക് ആശംസകൾ നേർന്ന പാകിസ്ഥാൻ മുൻ പ്രധാനമന്ത്രി നവാസ് ഷെരീഫിന്റെ സമൂഹ മാധ്യമ പോസ്റ്റിനോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം. ജനങ്ങളുടെ ക്ഷേമവും സുരക്ഷിതത്വവും മുന്നോട്ട് കൊണ്ടുപോകുക എന്നത് മുൻഗണനയായി തുടരുമെന്നും ശ്രീ നരേന്ദ്രമോദി പറഞ്ഞു. ലോക്സഭ തിരഞ്ഞെടുപ്പ് ഫലം ജനങ്ങൾക്കുള്ള വിശ്വാസമാണ് സൂചിപ്പിക്കുന്നതെന്ന് നവാസ് ഷെരീഫ് പറഞ്ഞു.

*****************************************************

## കേന്ദ്രമന്ത്രിമാർ ചുമതലയേറ്റു

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിലുള്ള മൂന്നാം എൻ.ഡി.എ മന്ത്രിസഭയിലേക്ക് നിയമിതരായ കേന്ദ്രമന്ത്രിമാർ വകുപ്പുകളുടെ ചുമതലയേറ്റു.

മൂന്നാം മോദി സർക്കാരിന്റെ വിദേശനയം വിജയകരമാകുമെന്ന് വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ പറഞ്ഞു. ഭാരതം ആദ്യമെന്നതും, വസുധൈവ കുടുംബകമെന്ന ആശയവുമാണ് രാജ്യത്തിന്റെ  വിദേശനയത്തിന്റെ രണ്ട് പ്രധാന തത്വങ്ങളെന്ന് ചുമതലയേറ്റ ശേഷം അദ്ദേഹം പറഞ്ഞു. രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയെ 11-ാം സ്ഥാനത്ത് നിന്ന് അഞ്ചാം സ്ഥാനത്തേക്ക് എത്തിക്കാൻ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിലുള്ള കേന്ദ്രസർക്കാരിന് കഴിഞ്ഞതായി വാർത്താവിതരണ പ്രക്ഷേപണ വകുപ്പിന്റെ ചുമതലയേറ്റു

RNU TVPM

കൊണ്ട് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് വ്യക്തമാക്കി. വകുപ്പിലെ കേന്ദ്ര സഹമന്ത്രി എൽ.മുരുകനും ശ്രീ അശ്വിനി വൈഷ്ണവിനൊപ്പമുണ്ടായിരുന്നു. മുൻ ടെക്സ്റ്റൈൽ മന്ത്രി പിയൂഷ് ഗോയലിന്റെ സാന്നിധ്യത്തിൽ കേന്ദ്രമന്ത്രി ഗിരിരാജ് സിംഗ് ടെക്സ്റ്റൈൽസ് മന്ത്രിയായി ചുമതലയേറ്റു. പബിത്ര മാർഗരിറ്റ മന്ത്രാലയത്തിലെ സഹമന്ത്രിയായും ചുമതലയേറ്റു. പെട്രോളിയം, പ്രകൃതി വാതക മന്ത്രാലയത്തിന്റെ സഹമന്ത്രിയായി ശ്രീ. സുരേഷ് ഗോപി ചുമതലയേറ്റു. കേന്ദ്ര പെട്രോളിയം, പ്രകൃതി വാതക മന്ത്രി ഹർദീപ് സിങ് പുരി ശ്രീ സുരേഷ് ഗോപിക്കൊപ്പം എത്തിയിരുന്നു. ന്യൂനപക്ഷ ക്ഷേമം, ഫിഷറീസ്, മൃഗസംരക്ഷണം, ക്ഷീര വികസനം തുടങ്ങിയ വകുപ്പുകളുടെ സഹമന്ത്രിയായി ശ്രീ. ജോർജ് കുര്യനും ചുമതലയേറ്റു.

*******************************************************

RNU TVPM

## പ്രധാനമന്ത്രി - യോഗ

അന്താരാഷ്ട്ര യോഗാ ദിനത്തിന് മുന്നോടിയായി യോഗയുടെ പ്രാധാന്യം വ്യക്തമാക്കുന്ന വീഡിയോ സന്ദേശങ്ങൾ പങ്കിട്ട് പ്രധാനമന്ത്രി നരേന്ദ്രമോദി. വിവിധ യോഗാസനങ്ങളെക്കുറിച്ചും അവയുടെ പ്രയോജനങ്ങളെക്കുറിച്ചും പ്രതിപാദിക്കുന്ന വീഡിയോകൾ അദ്ദേഹം സമൂഹ മാധ്യമത്തിൽ പങ്കു വച്ചു. സ്ഥിരമായി യോഗ പരിശീലിക്കാൻ ഈ സന്ദേശം പ്രചോദനമാകട്ടെയെന്ന് പ്രധാനമന്ത്രി ആശംസിച്ചു. ഈ മാസം 21-നാണ് അന്താരാഷ്ട്ര യോഗദിനം.

*******************************************************

## പ്രധാൻമന്ത്രി ആവാസ് യോജന

പ്രധാൻമന്ത്രി ആവാസ് യോജനയിലൂടെ രാജ്യത്തെ മൂന്ന് കോടി ഭവനങ്ങൾ നിർമ്മിക്കുന്നതിന് സഹായം നൽകാൻ കേന്ദ്രമന്ത്രിസഭാ യോഗ തീരുമാനം. ഗ്രാമങ്ങളിലും നഗരങ്ങളിലും ഭവനങ്ങൾ നിർമ്മിക്കുന്നതിനാണ് സഹായം നൽകുന്നത്. മൂന്നാം എൻ ഡി എ സർക്കാരിന്റെ ഇന്നലെ ന്യൂഡൽഹിയിൽ ചേർന്ന ആദ്യ മന്ത്രിസഭാ യോഗത്തിലാണ് ഈ തീരുമാനം കൈക്കൊണ്ടത്. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അധ്യക്ഷതയിലായിരുന്നു യോഗം.

****************************************************

## നീറ്റ്

മെഡിക്കൽ പ്രവേശനത്തിനുള്ള നീറ്റ്-യു.ജി പരീക്ഷയിൽ ക്രമക്കേട് ആരോപിച്ച് സമർപ്പിച്ച ഹർജിയിൽ സുപ്രീം കോടതി നാഷണൽ ടെസ്റ്റിംഗ് ഏജൻസിക്ക് നോട്ടീസ് നൽകി. ശിവാംഗി മിശ്രയും മറ്റ് ഒൻപത് പേരും നാഷണൽ ടെസ്റ്റിംഗ് ഏജൻസിക്കെതിരെ നൽകിയ ഹർജിയിലാണ് നടപടി.  പരീക്ഷയുടെ വിശ്വാസ്യത ചോദ്യം ചെയ്യപ്പെട്ടതായി പരമോന്നത കോടതി നിരീക്ഷിച്ചു. എന്നാൽ, നീറ്റ് പരീക്ഷയുടെ കൗൺസിലിംഗ് നിർത്തി വയ്ക്കണമെന്ന ആവശ്യം സുപ്രീം കോടതി തള്ളി.  വിഷയത്തിൽ കോടതി അടുത്ത മാസം എട്ടാം തിയതി വീണ്ടും വാദം കേൾക്കും.

RNUTVPM

****************************************************

**മ്യൂച്വൽ ഫണ്ട്**

രാജ്യത്ത് ഓഹരി അധിഷ്ഠിത മ്യൂച്വൽ ഫണ്ടുകളുടെ വരവിൽ ശ്രദ്ധേയമായ കുതിപ്പ്. മേയ് മാസത്തിൽ **34,697 കോടി** രൂപയുടെ റെക്കോർഡ് നിക്ഷേപമാണ് എത്തിയത്. അസോസിയേഷൻ ഓഫ് മ്യൂച്വൽ ഫണ്ട്സ് ഓഫ് ഇന്ത്യ, ആംഫി പുറത്തുവിട്ട കണക്കുകൾ പ്രകാരം, മുൻ മാസത്തേ അപേക്ഷിച്ച് **83.42** ശതമാനം വർദ്ധന നിക്ഷേപങ്ങളിലുണ്ടായി. ഓഹരി അധിഷ്ഠിത മ്യൂച്വൽ ഫണ്ടുകൾ തുടർച്ചയായ 39-ാം മാസവും മികച്ച പ്രകടനമാണ് കാഴ്ച വച്ചത്.

*****************************************************

**ഓഹരി + സ്വർണ്ണം**

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം.
ബോംബെ ഓഹരി സൂചിക സെൻസെക്സ് 199 പോയിന്റ് ഉയർന്ന് 76,689-ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 61 പോയിന്റ് നേട്ടത്തിൽ 23,320- ലും വ്യാപാരം തുടരുന്നു.
സ്വർണ്ണ വിലയിൽ വർധന. പവന് **120** രൂപ കൂടി **52,680** രൂപയും ഗ്രാമിന് **6,585** മാണ് ഇന്നത്തെ വില.

*****************************************************

**സത്യപ്രതിജ്ഞ - ഒഡീഷ + ആന്ധ്രാപ്രദേശ്**

ഒഡീഷയിൽ ബിജെപി സർക്കാരിന്റെ സത്യപ്രതിജ്ഞ നാളെ. മുഖ്യമന്ത്രിയെ തീരുമാനിക്കുന്നതിന് നിയമസഭാ കക്ഷി യോഗം ഇന്ന് ഭുവനേശ്വരിൽ ചേരും. നിയമസഭാ കക്ഷി നേതാവിനെ തിരഞ്ഞെടുക്കുന്ന നടപടിക്രമങ്ങൾ നിരീക്ഷിക്കാൻ കേന്ദ്രമന്ത്രിമാരായ രാജ്നാഥ് സിങ്ങിനെയും, ഭൂപേന്ദ്ര യാദവിനെയും ബിജെപി ചുമതലപ്പെടുത്തിയിട്ടുണ്ട്. അതെസമയം, ആന്ധ്രാപ്രദേശ് മുഖ്യമന്ത്രിയായി ടി.ഡി.പി

RNUTVPM

അധ്യക്ഷൻ എൻ. ചന്ദ്രബാബു നായിഡു നാളെ സത്യപ്രതിജ്ഞ ചെയ്യും. ഇത് നാലാം തവണയാണ് അദ്ദേഹം മുഖ്യമന്ത്രി സ്ഥാനത്തെത്തുന്നത്.

*****************************************************

## ഗസ – യു.എൻ രക്ഷാസമിതി

ഗസയിൽ സമ്പൂർണ വെടിനിർത്തലിനുള്ള പ്രമേയം യുഎൻ രക്ഷാ സമിതി അംഗീകരിച്ചു. സമ്പൂർണ സൈനിക പിന്മാറ്റവും ഗസയുടെ പുനർനിർമാണവും ആവശ്യപ്പെടുന്ന താണ് പ്രമേയം. സുരക്ഷാ കൗൺസിലിലെ 15 അംഗങ്ങളിൽ 14 പേർ പ്രമേയത്തെ അനുകൂലിച്ചു. റഷ്യ വിട്ടുനിന്നു. ഇസ്രയേലും ഹമാസും എത്രയും വേഗം പ്രമേയത്തിലെ നിർദേശങ്ങൾ നടപ്പാക്കണമെന്നാണ് നിർദേശം.

*****************************************************

## നിയമസഭ -പ്രതിപക്ഷ വാക്കൗട്ട്

മലബാറിലെ പ്ലസ് വൺ സീറ്റ് പ്രതിസന്ധിയിൽ നിയമസഭയിൽ ഇന്ന് പ്രതിപക്ഷ വാക്ക് ഔട്ട്. അടിയന്തര പ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ചാണ് പ്രതിപക്ഷം സഭയിൽ നിന്നും ഇറങ്ങിപോയത്. മലബാറിലെ പ്ലസ് വൺ സീറ്റ് പ്രതിസന്ധി സഭ നിർത്തി വച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷത്ത് നിന്നും എൻ.ഷംസുദീനാണ് അടിയന്തരപ്രമേയം അവതരിപ്പിക്കാൻ അനുമതി തേടിയത്. പതിനായിരക്കണക്കിന് വിദ്യാർത്ഥികളുടെ ഉപരിപഠനം പ്രതിസന്ധിയിലാണെന്ന് പ്രതിപക്ഷം ആരോപിച്ചു. ആദ്യ അലോട്ട്മെന്റ് കഴിഞ്ഞിട്ടും മലപ്പുറത്ത് **17,000** സീറ്റുകൾ ഒഴിഞ്ഞു കിടക്കുകയാണെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ പറഞ്ഞു. എസ് എസ് എൽ സി പാസ്സായ വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിന് യാതൊരു പ്രതിസന്ധിയും മലബാർ

RNJTVPM

മേഖലയിൽ ഇല്ലെന്ന് വിദ്യാഭ്യാസ മന്ത്രി വി. ശിവൻ കുട്ടി മറുപടി നൽകി. 3 അലോട്ട്മെന്റുകൾക്ക് ശേഷം സീറ്റിൽ കുറവ് ഉണ്ടാകുന്നുണ്ടെങ്കിൽ പരിഹരിക്കുമെന്നും അദ്ദേഹം അറിയിച്ചു. സീറ്റ് പ്രതിസന്ധി ഇല്ലാത്തത് കൊണ്ടു തന്നെ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട സാഹചര്യമില്ലെന്നും മന്ത്രി പറഞ്ഞു. മന്ത്രിയുടെ മറുപടിയെ തുടർന്ന് സ്പീക്കർ അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു. ഇതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം സഭയിൽ നിന്ന് ഇറങ്ങിപ്പോയി.

*****************************************************

## നിയമസഭ - സാമ്പത്തിക പ്രതിസന്ധി

സംസ്ഥാനത്ത് കഴിഞ്ഞ കുറച്ചു മാസങ്ങളായി സാമ്പത്തിക പ്രതിസന്ധി നേരിടുന്നു എന്നത് ഒരു വസ്തുതയാണെന്ന് ധനമന്ത്രി കെ എൻ ബാലഗോപാൽ. സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും ആനുകൂല്യങ്ങൾ പരമാവധി വിതരണം ചെയ്യാൻ സർക്കാർ ശ്രമിച്ചിട്ടുണ്ടെന്നും അദ്ദേഹം നിയമസഭയിൽ വ്യക്തമാക്കി. നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും ചെലവുകൾക്ക് മുൻഗണന കൊടുത്തും മുന്നോട്ട് പോവുകയാണ്. ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടെന്നും ധനമന്ത്രി വ്യക്തമാക്കി.

*****************************************************

## വിഴിഞ്ഞം - നിയമസഭ

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ ട്രയൽ ഈ മാസം അവസാനത്തോടെ നടത്തുമെന്ന് മന്ത്രി വി.എൻ വാസവൻ. പദ്ധതിയുടെ 88 ശതമാനം ഇതുവരെ പൂർത്തിയായതായി അദ്ദേഹം നിയമസഭയിൽ ചോദ്യോത്തര വേളയിൽ

RNUTVPM

അറിയിച്ചു. ചരക്ക് നീക്കത്തിനുള്ള റോഡിന്റെ പണികൾ അന്തിമഘട്ടത്തിലാണ്. വിഴിഞ്ഞം പദ്ധതി പൂർത്തിയാകുമ്പോൾ പ്രത്യക്ഷത്തിൽ **2,500-ലേറെ** തൊഴിലവസരങ്ങൾ ഉണ്ടാവും. ഇതിൽ നല്ലൊരു ശതമാനം പ്രദേശവാസികൾക്കായി നീക്കി വയ്ക്കുമെന്നും ശ്രീ.വി എൻ വാസവൻ അറിയിച്ചു.

****************************************************

## ചോദ്യോത്തരവേള - പി രാജീവ്

സംസ്ഥാനത്തെ കോളേജ് ക്യാമ്പസുകളിൽ വ്യവസായ പാർക്ക് തുടങ്ങുന്നതിന് 80-ഓളം കോളേജുകൾ താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ടെന്ന് മന്ത്രി പി രാജീവ്. നിയമസഭയിൽ ചോദ്യോത്തര വേളയിൽ സംസാരിക്കുകയായിരുന്നു മന്ത്രി. കോളേജ് ക്യാമ്പസുകളിൽ വ്യവസായ പാർക്ക് തുടങ്ങുന്നതിനായി ഒന്നരക്കോടി രൂപ സംസ്ഥാന സർക്കാർ ധനസഹായം നൽകും. സർക്കാർ കോളജുകളെ കൂടാതെ സ്വകാര്യ കോളജുകളിലും വ്യവസായ പാർക്കുകൾ തുടങ്ങുമെന്നും മന്ത്രി പി രാജീവ് അറിയിച്ചു.

****************************************************

## പെരിയാർ സബ്മിഷൻ

പെരിയാറിൽ മത്സ്യങ്ങൾ ചത്തുപൊങ്ങിയ സംഭവത്തിൽ സമീപത്തുള്ള വ്യവസായശാലകളിൽ നിന്നും മലിനജലം പുറന്തള്ളിയതായി പരിശോധനയിൽ കണ്ടെത്തിയിട്ടില്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. വിഷയം സംബന്ധിച്ച ശ്രീ. റ്റി.ജെ. വിനോദിന്റെ സബ്മിഷനുള്ള മറുപടിയിലാണ് അദ്ദേഹം ഇക്കാര്യം അറിയിച്ചത്.

****************************************************

PNU TVPM

**മഴ - സംസ്ഥാനം**

സംസ്ഥാനത്ത് അടുത്ത നാല് ദിവസം ശക്തമായ കാറ്റിനും വ്യാപക മഴയ്ക്കും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്, ഇന്ന് കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും വയനാട്, കോഴിക്കോട്, മലപ്പുറം, തൃശൂർ, എറണാകുളം, ആലപ്പുഴ, പാലക്കാട് ജില്ലകളിൽ മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചിട്ടുണ്ട്. കേരള, കർണ്ണാടക ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്ക്.

*******************************************************

**ക്രിക്കറ്റ്**

ട്വന്റി -20 പുരുഷ ലോകകപ്പ് ക്രിക്കറ്റിൽ ഇന്ന് പാകിസ്ഥാൻ കാനഡയെ നേരിടും. ന്യൂയോർക്കിൽ രാത്രി എട്ടു മണിക്കാണ് മത്സരം. കഴിഞ്ഞ രണ്ടു മത്സരങ്ങളിൽ പരാജയപ്പെട്ട പാകിസ്ഥാന് ഇന്നത്തെ മത്സരം നിർണ്ണായകമാണ്.

*******************************************************

RNU TVPM

**ഫിഫ ലോകകപ്പ് - (ഇൻട്രോ)**

2026 ലെ ഫിഫ ലോകകപ്പിലേക്കുള്ള യോഗ്യതാ മത്സരത്തിൽ ഇന്ത്യ ഇന്ന് ഖത്തറിനെ നേരിടും. ദോഹയിൽ രാത്രി 9:15 നാണ് മത്സരം. യോഗ്യതാ മത്സരങ്ങളിലെ മൂന്നാം റൗണ്ടിലേക്ക് മുന്നേറാൻ, ഇന്ത്യയ്ക്ക് ഗ്രൂപ്പ്-എ യിലെ ആദ്യ രണ്ട് സ്ഥാനങ്ങളിൽ ഒന്ന് ഉറപ്പിക്കേണ്ടതുണ്ട്. ഖത്തറിനെതിരെ ജയം നേടിയാൽ ഏഷ്യ കപ്പിലേക്കും ഇന്ത്യ യോഗ്യത നേടും.

**ആകാശവാണിക്ക് വേണ്ടി സുരേഷ് ബാബു തയ്യാറാക്കിയ റിപ്പോർട്ട്........**

**(വോയിസ്..........)**

**************************************************

**ഇടുക്കി - മലയിടിച്ചിൽ**

കനത്ത മഴയെ തുടർന്ന് ദേവികുളം ഗ്യാപ്പ് റോഡിലേക്ക് മലമുകളിൽ നിന്നും കല്ലും മണ്ണും പതിച്ചു. ബൈസൺവാലിക്കുള്ള ചെമ്മണ്ണാർ - ഗ്യാപ്പ് റോഡ് ആരംഭിക്കുന്ന ഭാഗത്തിന് സമീപമാണ് കല്ലും മണ്ണും ഇടിഞ്ഞു വീണത്. മുൻ വർഷങ്ങളിൽ മഴക്കാലത്ത് മലയിടിച്ചിൽ ഉണ്ടായതിനെ തുടർന്ന് ഇതുവഴിയുള്ള ഗതാഗതം നിരോധിച്ചിരുന്നു. അശാസ്ത്രീയമായ ഗ്യാപ്പ് റോഡ് നിർമ്മാണമാണ് മണ്ണിടിയുന്നതിന് കാരണമെന്ന് പ്രദേശവാസികൾ പറയുന്നു.

**************************************************

**ഡാം - തൃശൂർ**

തൃശൂർ മുളങ്കുന്നത്തുകാവ് പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന പൂമല ഡാമിലെ ജലനിരപ്പ് 28 അടിയായി ഉയർന്ന സാഹചര്യത്തിൽ ഡാമിന്റെ രണ്ടു സ്പിൽവേ ഷട്ടറുകൾ 2.5 സെന്റീമീറ്റർ വീതം തുറന്നതായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ അറിയിച്ചു. 29 അടിയാണ് ഡാമിന്റെ പരമാവധി ജലനിരപ്പ്. ഈ സാഹചര്യത്തിൽ മലവായ തോടിന്റെ ഇരുവശങ്ങളിലും താമസിക്കുന്നവർ ജാഗ്രത പാലിക്കണം.

**************************************************

RNU TVPM

**രാഹുൽഗാന്ധി - വയനാട്**

ലോക്സഭയിലേക്ക് വീണ്ടും തിരഞ്ഞെടുക്കപ്പെട്ട കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി നാളെ വയനാട്ടിലെത്തും. വോട്ടർമാരോട് നന്ദി രേഖപ്പെടുത്താൻ നേരിട്ട് എത്തുമെന്ന് അദ്ദേഹം ന്യൂഡൽഹിയിൽ യു .ഡി .എഫ് നേതാക്കളുമായി നടത്തിയ കൂടിക്കാഴ്ചയിൽ അറിയിച്ചിരുന്നു.

അതേസമയം, തിരഞ്ഞെടുപ്പ് വിജയത്തിൽ ജനങ്ങൾക്ക് നന്ദി പറയാനായുള്ള കോൺഗ്രസിന്റെ **'ധന്യവാദ് യാത്ര'യ്ക്ക്** ഇന്ന് ഉത്തർപ്രദേശിൽ തുടക്കമാകും. രാഹുൽ ഗാന്ധിക്കൊപ്പം പാർട്ടി ജനറൽ സെക്രട്ടറി പ്രിയങ്കാ ഗാന്ധിയും പരിപാടിയിൽ പങ്കെടുക്കും.

RNU TVPM

*****************************************************

*****************************************************

*******************